പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 249 07.02.2018 ൽ മറുപടിക്ക്

## റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ<br>,, കെ.സുരേഷ് കുറുപ്പ്<br>,, പി.വി. അൻവർ<br>,, സി.കൃഷ്ണൻ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാർ ഉൾപ്പെട്ട സംയുക്ത സംരംഭമായ റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ കേന്ദ്ര സർക്കാരിന് മുമ്പാകെ സമർപ്പിച്ചിരിക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; സെമി ഹൈസ്പീഡ് റെയിൽ ആവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ റെയിൽവേയുടെ ഭാഗത്തു നിന്ന് പ്രതികരണം ഉണ്ടായിട്ടുണ്ടോ; | (എ) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിയ താഴെ പറയുന്ന പദ്ധതികൾ ഡിസംബർ അവസാന വാരം റെയിൽവേ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.<br>1. തലശ്ശേരി- മൈസൂർ ബ്രോഡ് ഗേജ് പാത<br>2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കപ്പുറമേ മൂന്നും നാലും ലൈനുകൾ<br>3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേക്കുള്ള ബ്രോഡ് ഗേജ് ലൈൻ<br>4. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി<br>സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ ഉൾപ്പെടെ മുകളിൽ പ്രസ്താവിച്ച നാല് പദ്ധതികളുടെയും പ്രാഥമിക സാധ്യതാ പഠന റിപ്പോർട്ടുകൾ റെയിൽവേക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളിന്മേൽ റെയിൽവേ ബോർഡിൽ നിന്നുള്ള പ്രതികരണം ഇനിയും ലഭിച്ചിട്ടില്ല. |
| (ബി) പാതയിരട്ടിപ്പ്, പുതിയ പാതകളുടെ വൈദ്യുതീകരണം തുടങ്ങിയ വികസന പ്രവർത്തനങ്ങളിൽ സംസ്ഥാനത്തിന് അർഹമായ പരിഗണന നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തിരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുമോ; | (ബി) കേരളത്തിലെ വിവിധ പാതകളുടെ ഇരട്ടിപ്പും വൈദ്യുതീകരണവും സംബന്ധിച്ച വിഷയങ്ങളിൽ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കണം എന്ന് ആവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി റെയിൽവേ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കപ്പുറമേ മൂന്നും നാലും ലൈനുകൾ നിർമ്മിക്കുവാനുള്ള പദ്ധതി കെ.ആർ.ഡി.സി ഏറ്റെടുത്തിട്ടുണ്ട്. |
| (സി) വികസന പ്രവർത്തനങ്ങൾക്ക് അനിവാര്യമായ റെയിൽവേ സോൺ എന്ന ദീർഘകാല ആവശ്യം പരിഗണിക്കാതിരിക്കുകയും | (സി) തിരുവനന്തപുരം-തിരുനെൽവേലി പാതയും നാഗർകോവിൽ - കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽ നിന്നും വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ബഹു. മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിക്കും കത്തുകൾ |

| | |
|---|---|
| നിക്ഷിപ്ത താല്പര്യത്തോടെ റെയിൽവേ ഡിവിഷനുകൾ പോലും വിഭജിക്കുകയും ചെയ്യുന്നതിൽ നിന്ന് പിന്മാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ? | അയച്ചിട്ടുണ്ട്. കേരളത്തിന്റെ റെയിൽവേയുടെ ചുമതലയുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്കും ഇതു സംബന്ധിച്ച് കത്ത് അയച്ചിട്ടുണ്ട്. കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും റെയിൽവേയിൽ നിന്നും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതു മൂലവും കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്ന് 51:49 ഓഹരി അനുപാതത്തിൽ ഒരു സംയുക്ത സംരംഭക കമ്പനി രൂപീകരിച്ചിരുന്നു. ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടു പോകുന്ന സാഹചര്യമാണ് ഉള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം - പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ടായിരുന്നു. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിച്ചു വരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുള്ള ശ്രമങ്ങളും കൂടാതെ തിരുവനന്തപുരം - തിരുനെൽവേലി പാതയും, നാഗർകോവിൽ-കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽ നിന്ന് വേർപ്പെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാനുള്ള ശ്രമങ്ങളും ഉപേക്ഷിക്കണമെന്നും പ്രധാന മന്ത്രിക്കും റെയിൽവേ മന്ത്രിക്കും അയച്ച കത്തുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കത്തിന് മറുപടിയായി തിരുവനന്തപുരം ഡിവിഷന്റെയോ മധുരൈ ഡിവിഷന്റെയോ അധികാരപരിധി പുനർ നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളൊന്നും റെയിൽവേയുടെ പരിഗണനയിൽ ഇല്ല എന്ന് കേന്ദ്ര റെയിൽവേ മന്ത്രി 27.11.2017 ൽ അയച്ച കത്തിൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ